(ബി) സ്വകാര്യമേഖലയിൽ എത്ര ; ഏതെല്ലാം ;
(സി) പൊതുമേഖലയിൽ എത്ര ; ഏതെല്ലാം ;
(ഡി) അതു കാരണം ഓരോ സ്ഥാപനത്തിലും തൊഴിൽ നഷ്ടപ്പെട്ട വരുടെ എണ്ണം എത്ര ;
(ഇ) അവർക്ക് തൊഴിൽ നൽകുന്നതിന് എന്തെങ്കിലും നിർദ്ദേശം ഗവൺമെൻറിൻെറ പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) രണ്ട്.
(ബി) രണ്ട്.
1. ഹോട്ടൽ പെരിയാർ ലിമിറ്റഡ്, ആലുവ.
2. പാക്വെൽ (കേരള) ഇൻഡസ്ട്രീസ് (പ്രൈവറ്റ്) ലിമിറ്റഡ്, പള്ളുരുത്തി)
(സി) ഇല്ല.
(ഡി) 52.
(ഇ) അടച്ചുപൂട്ടപ്പെട്ട വ്യവസായ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് തൊഴിൽ നൽകുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോഴ സർക്കാറിൻെറ പരിഗണനയിലില്ല.

ടൈറാനിയം പ്രോഡക്സിൻെറ ലാഭനഷ്ടങ്ങൾ

677. [950] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1982-83, 1983-84, 1984-85, 1985-86 എന്നീ വർഷങ്ങളിൽ തിരുവനന്തപുരം ടൈറാനിയം പ്രോഡക്സ് എന്ന സ്ഥാപനം ഉണ്ടാക്കിയ ലാഭനഷ്ടങ്ങളുടെ കണക്ക് വെളിപ്പെടുത്താമോ ?

ഉത്തരം

ഓരോ വർഷത്തേയും ലാഭനഷ്ടക്കണക്ക് താഴെ കൊടുക്കുന്നു :

വർഷം	നികുതിക്ക്മുൻപുള്ള	
	ലാഭം (തുക ലക്ഷത്തിൽ)	നഷ്ടം (തുക ലക്ഷത്തിൽ)
1982-83	6.17	..
1983-84	..	45.87
1984-85	246.62	..
1985-86	222.09	..

തിരുവനന്തപുരം സ്പിന്നിംഗ് മിൽ മാനേജിംഗ് ഡയറക്ടറുടെ മേൽനോട്ടത്തിലുള്ള സ്പിന്നിംഗ് മില്ലുകൾ

678. [951] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലരാമപുരം കേന്ദ്രമായി പ്രവർത്തിക്കുന്ന തിരുവനന്തപുരം സ്പിന്നിംഗ് മില്ലിൻെറ മാനേജിംഗ് ഡയറക്ടർ ഏതെല്ലാം സ്പിന്നിംഗ് മില്ലുകളുടെ മേൽനോട്ടം വഹിക്കുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) തിരുവനന്തപുരം സ്പിന്നിംഗ് മില്ലിനുവേണ്ടി മാത്രം ഒരു മാനേജിംഗ് ഡയറക്ടറെ നിയമിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം സ്പിന്നിംഗ് മില്ലിൽ ഇപ്പോൾ മാനേജിംഗ് ഡയറക്ടർ ഇല്ല. ജനറൽ മാനേജർ ശ്രീ. എം. അളഗപ്പനാണ് മാനേജിംഗ് ഡയറക്ടറുടെ ചുമതല വഹിക്കുന്നത്. ശ്രീ. അളഗപ്പൻ കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ചെയർമാന്റേയും മലബാർ സ്പിന്നിംഗ് ആൻഡ് വീവിംഗ് മില്ലിന്റെ ജനറൽ മാനേജരുടെയും ചുമതലകൾ കൂടെ വഹിക്കുന്നുണ്ട്.

(ബി) മാനേജിംഗ് ഡയറക്ടറെ നിയമിക്കുന്നതിനുള്ള നടപടികൾ എടുത്തുവരികയാണ്.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച സ്പിന്നിംഗ് മില്ലുകൾ

679. [952] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, സി. ടി. അഹമ്മദാലി :
,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആരംഭിച്ച സ്പിന്നിംഗ് മില്ലുകൾ എത്ര ;

(ബി) ഈ കാലഘട്ടത്തിനുള്ളിൽ ഏതെല്ലാം സ്പിന്നിംഗ് മില്ലുകൾ ഉൽപ്പാദനം തുടങ്ങി ;

(സി) അവയിൽ സഹകരണ സ്പിന്നിംഗ് മില്ലുകളെത്ര ;

(ഡി) ഉൽപ്പാദനം ആരംഭിച്ച ഓരോ യൂണിറ്റിന്റേയും മുതൽമുടക്കെത്ര ; അവയിൽ തൊഴിൽ ലഭിച്ചവരുടെ എണ്ണമെത്ര ?

ഉത്തരം

(എ., ബി., സി., ഡി.) പൊതുമേഖലയിൽ മലപ്പുറം ജില്ലയിലെ എടരിക്കോട് ടെക്സ്റ്റൈൽസ് കാസർഗോഡ് ജില്ലയിലെ കേരളാ ടെക്സ്റ്റൈൽസ് എന്നീ മില്ലുകളും സഹകരണമേഖലയിൽ തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലും ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലുമാണ് ഈ കാലഘട്ടത്തിൽ ആരംഭിച്ച പുതിയ സ്പിന്നിംഗ് മില്ലുകൾ. ഈ മില്ലുകളിലൊന്നും ഇതുവരെ വ്യാവസായികടിസ്ഥാനത്തിൽ ഉൽപ്പാദനം തുടങ്ങിയിട്ടില്ല.

കേരള ഓട്ടോമൊബൈൽസിലെ ജീവനക്കാർ

680. [953] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ആട്ടോമൊബൈൽസിൽ ഇപ്പോൾ എത്ര ജീവനക്കാരുണ്ട് ;

(ബി) അവരുടെ ജാതി തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 299.

(ബി) ബ്രാഹ്മണർ — 7
നായർ — 111
ഈഴവർ — 34
ക്രിസ്ത്യാനികൾ — 22

LIBRARY ARCHIVES Kerala Legislative Assembly